Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

www.landwaynews.com • Email: landwaynews@gmail.com

SCAN TO READ ONLINE

10 ഫെബ്രുവരി 2017

Volume No.3 • Issue No. 2 • Pages 8 • Price: INR 10/- • Published From Pathanamthitta

## വിശ്വാസികൾ ആത്മമഴയ്ക്കായി കാത്തിരിക്കണം



*അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ സഭാ അഖിലേന്ത്യ ജനറൽ സെക്രട്ടറിയും ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ ടി.ജെ സാമുവൽ ഉദ്ഘാനം ചെയ്യുന്നു.*

പുനലൂർ: പ്രകൃതി മഴയ്ക്കായി കാത്തിരിക്കുന്നതുപോലെ വിശ്വാസികൾ ആത്മമഴയ്ക്കായി കാത്തിരിക്കണം എന്നും സമൂഹത്തെ ചൈതന്യമാക്കാൻ കഴിയുന്ന ജീവിതത്തിന്റെ ഉടമകളായിരിക്കണമെന്നും അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ ജനറൽ സെക്രട്ടറിയും മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടുമായ പാസ്റ്റർ ടി. ജെ സാമുവൽ പറഞ്ഞു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് വാർഷിക ജനറൽ കൺവൻഷനിൽ സംയുക്ത സഭായോഗത്തിൽ സമാപന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഓരോ വിശ്വാസിയും നവീകരണത്തിന് ഒരുക്കപ്പെട്ട മനസോടെ എപ്പോഴും ജീവിക്കണമെന്നും അങ്ങനെയുള്ളവർക്കുമാത്രമേ സമൂഹത്തിൽ മാതൃകപരമായ ദൈവീക പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുവാൻ കഴിയുകയുള്ളൂ എന്നും അദ്ദേഹം തുടർന്നു. അധാർമ്മികത, കുടുംബതകർച്ച, ഭീകരപ്രവർത്തനം, മതവിദ്വേഷം, പീഡനങ്ങൾ, അസമാധാനം, അസഹിഷ്ണത, മദ്യപാനം തുടങ്ങിയവ സമൂഹത്തെ നശിപ്പിക്കുകയും സമാധാനാന്തരീക്ഷം ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്. ഇവയെല്ലാം മനുഷ്യനിൽ കുടികൊള്ളുന്ന പാപത്തിൽനിന്നും ഉത്ഭവിക്കുന്നതാണ്. ഇവയിൽനിന്നുള്ള വിടുതൽ വ്യക്തികൾക്കും സമൂഹത്തിനും ആവശ്യമാണ്. അത് സാധിക്കുവാൻ സ്വയശക്തിയാൽ കഴിയുകയില്ലെന്നും ദൈവശക്തി മാത്രമേ പരിഹാരമാവുകയുള്ളൂവെന്നും അദ്ദേഹം പ്രസ്താവിച്ചു. യഥാർത്ഥ ക്രിസ്തുശിഷ്യർ മാറ്റത്തിന്റെ വക്താക്കളാകണം. അങ്ങനെ സംഭവിക്കുമ്പോൾ സമൂഹത്തെ സകല തിന്മകളിൽനിന്നും മോചിപ്പിക്കുവാൻ കഴിയും എന്നും പാസ്റ്റർ ടി.ജെ സാമുവൽ പ്രസ്താവിച്ചു. അൻപത്തിമൂന്ന് സെക്ഷനുകളിൽ നിന്നായി പതിനയ്യയിരത്തോളം പേർ സംയുക്ത സഭായോഗത്തിൽ സംബന്ധിച്ചു. പുനലൂർ എ.ജി കൺവൻഷൻ ഗ്രൗണ്ടിൽ ജനുവരി 22 ഞായറാഴ്ചയാണ് സംയുക്ത സഭായോഗം നടന്നത്. ഡിസ്ട്രിക്ട് സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ് സങ്കീർത്തന പ്രഭാഷണം നടത്തി. അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ ട്രഷറാറും നോർത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് അസിസ്റ്റന്റ് സൂപ്രണ്ടുമായ പാസ്റ്റർ പാപ്പി മത്തായി മുഖ്യ സന്ദേശം നൽകി. അസംബ്ലീസ് ഓഫ് ഗോഡ് അഖിലേന്ത്യ കമ്മറ്റി അംഗവും ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ടുമായ പാസ്റ്റർ പി. എസ്. ഫിലിപ്പ് തിരുവത്താഴ ശുശ്രൂഷയിൽ സന്ദേശം നൽകി. സൗത്ത് ഇന്ത്യ അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ ഐസക് വി. മാത്യു, മുൻ അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ കെ. ജെ. മാത്യു, ഡിസ്ട്രിക്ട് ഭാരവാഹികളായ പാസ്റ്റർമാരായ എ. രാജൻ, എം.എ ഫിലിപ്പ്, മേഖലാ ഡയറക്ടറുമാരായ പാസ്റ്റർമാരായ ജോസ് തോമസ്, രാജൻ ഏബ്രഹാം, കെ.വൈ വിൽഫ്രഡ് രാജ് പാസ്റ്റർമാരായ ടി.കെ കോശി വൈദ്യൻ, ഐസക് ചെറിയാൻ, ജോയി ജോസഫ്, രാജൻ ജോർജ്, പ്രസാദ് കോശി, പി.വി. ജോസഫ്, ബാബു ഇമ്മാനുവൽ, രാജൻ തോമസ്, ജോൺസൺ കെ.ജോർജ്, സഹോദരന്മാരായ ഷാജൻ ജോൺ ഇടയ്ക്കാട്, യബ്ബേസ് ചെറിയാൻ, പി.വി അലക്സാണ്ടർ തുടങ്ങിയവർ സന്ദേശങ്ങൾ നൽകി. പാസ്റ്റർമാരായ ഒ. സാമുവൽ, ബിജു വർഗീസ്, സി.വൈ തങ്കച്ചൻ, യാഹ് ദത്ത് മണി, സി.ഐ പാപ്പച്ചൻ തുടങ്ങിയവർ പ്രാർത്ഥനാ ശുശ്രൂഷ നയിച്ചു. പാസ്റ്റർമാരായ സുനിൽ സോളമൻ, തോമസുകുട്ടി, ജോബിൻ എലീശ എന്നിവരുടെ നേതൃത്വത്തിലുള്ള ഏ.ജി ഗായകസംഘം സംഗീതാരാധന നയിച്ചു.

## ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ സമാപിച്ചു




*സ്റ്റേറ്റ് ഓവർയർ പാസ്റ്റർ സി. സി തോമസ് പ്രസംഗിക്കുന്നു*

തിരുവല്ല: 94-ാമത് ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. നാം ലോകത്തോടും ദൈവത്തോടും സമൂഹത്തോടും സഹജീവികളോടും നന്ദിയുള്ളവാരിക്കണമെന്നും ദൈവം നമ്മെ ഭരമേല്പിച്ച ദൗത്യ നിർവ്വഹണം നാം അതിവസിക്കുന്ന രാജ്യത്തിന്റെ നന്മയ്ക്കും ശുഭതയ്ക്കും വേണ്ടി ശാരീരികവും മാനസീകവും ആത്മീകവുമായ ആരോഗ്യദൃഢഗാത്രരായ ഒരു സംഘം ജനതയെ വാർത്തെടുക്കുന്നതിനും ഉതകണമെന്നും, ദൈവം നമുക്ക് നൽകി തരുന്ന ശുഭതകളെ വിമർശനാത്മക മനോഭാവത്തോടെയല്ല ക്രീയാത്മകമായ മനോഭാവത്തോടെ സ്വീകരിച്ച് അതിന് നന്ദിയുള്ളവരായി തീരണമെന്നും പാസ്റ്റർ സി. സി. തോമസ് ഉദ്ബോധിപ്പിച്ചു. ചർച്ച് ഓഫ് ഗോഡ് സഭയുടെ തിരുവല്ല രാമൻച്ചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ നടന്നു വന്ന കൺവൻഷന്റെ സമാപനയോഗത്തിൽ മുഖ്യസന്ദേശം നൽകുകുയായിരുന്നു അദ്ദേഹം.

23-ാം തീയതി തിങ്കളാഴ്ച 5.30 മുതൽ അസിസ്റ്റന്റ് പാസ്റ്റർ പി. ജി മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ സ്റ്റേറ്റ് ഓവർയർ പാസ്റ്റർ സി. സി തോമസ് ഉദ്ഘാടനം ചെയ്ത് ആരംഭിച്ച ജനറൽ കൺവൻഷൻ 29-ാം തീയതി ഞായറാഴ്ച സംയുക്ത സഭായോഗത്തോടും വിശുദ്ധ തിരുവത്താഴ ശുശ്രൂഷയോടും കൂടെ സമാപിച്ചു. തിരുവത്താഴ ശുശ്രുഷയ്ക്ക് സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ എം. ഓ ഏലിയാസ് നേതൃത്വം നല്കി. പാസ്റ്റർമാരായ ജെ. ജോസഫ്, എം. കുഞ്ഞപ്പി, ജോർജ് മാത്യു പുതുപ്പള്ളി, ഈപ്പൻ ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

പാസ്റ്റേഴ്സ് കോൺഫ്രൻസ്, ശുശ്രൂഷക സമ്മേളനം, പൊതുയോഗം, സഹോദരി സമ്മേളനം, ബൈബിൾ സ്കൂളിന്റെയും സെമിനാരിയുടെയും ബിരുധദാനം, പുത്രികാ സംഘടനകളായ സണ്ടേസ്കൂളിന്റെയും - വൈ.പി.ഇ യുടെയും സംയുക്ത സമ്മേളനം, വിവിധ ഡിപ്പാർട്ടുമെന്റുകളുടെ സമ്മേളനം, സ്നാനം, ഉൺർവ്വുയോഗവും നടന്നു. മീഡിയ കൺവീനർമാരായി സാംകുട്ടി മാത്യു, ഷൈജു തോമസ് പ്രവർത്തിച്ചു.

## മാരാമൺ കൺവെൻഷൻ തടസ്സപ്പെടുത്തുവാൻ ശ്രമം

പത്തനംതിട്ട: പമ്പ മണപ്പുറത്ത് ഫെബ്രുവരി 12 മുതൽ നടക്കുന്ന മാരാമൺ കൺവെൻഷന്റെ പന്തൽ നിർമ്മാണം തടസ്സപ്പെടുത്തുവാൻ ശ്രമം നടക്കുന്നതായി പരാതി. ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാ ളികളെ പലതവണയായി സാമൂഹ്യവിരുദ്ധർ ഭീഷണിപ്പെടുത്തി.

രാത്രി പന്തലിന്റെ തൂണുകളും കഴകളും പിഴുതുമാറ്റി. സുവിശേഷസംഘം പ്രസിഡന്റ് യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പ സ്ഥലത്തെത്തി സമാധാനം സ്ഥാപിക്കാൻ മുൻകൈയെടുത്തു. ആന്റോ ആന്റണി എം.പി യും സ്ഥലം സന്ദർശിച്ചു. പോലീസിൽ പരാതി നൽകിയിട്ടുണ്ട്. വർഗീയ വിദ്വേഷമുണ്ടാക്കാൻ ചില സാമൂഹ്യവിരുദ്ധരാണ് ഇതിനു പിന്നിലെന്ന് കെ.പി.സി.സി എക്സ്. കമ്മറ്റി അംഗം കെ.കെ. റോയിസൻ പത്രസമ്മേളനത്തിൽ പറയുകയുണ്ടായി.

### ലാൻഡ്‌വേ സാഹിത്യ അവാർഡ്

## വിജയികളെ പ്രഖ്യാപിച്ചു



എസ്ഥേർ കുഞ്ഞുമോൻ



സിനി സിജോ



മോഹൻ ചെറിയാൻ



ഷൈജു ദാനിയേൽ



സണ്ണി മാവേലിക്കര



റ്റി. എം. വർഗ്ഗീസ്

ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിച്ച സാഹിത്യ അവാർഡ് 2016-ലെ അവാർഡ് ജേതാവായി എസ്ഥേർ കുഞ്ഞുമോനും, പ്രോൽസാഹന സമ്മാനാർഹരായി സിനി സിജോ, റ്റി. എം. വർഗ്ഗീസ്, മോഹൻ ചെറിയാൻ, ഷൈജു ദാനിയേൽ, സണ്ണി മാവേലിക്കര എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് വിജയികൾക്ക് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകുന്നതായിരിക്കും. സമയവും വേദിയും പിന്നീട് അറിയിക്കും.

2 വ്യക്തിഹത്യ വിഷത്തെക്കാൾ ഭയങ്കരം — സന്തോഷ് പന്തളം
2 യൗവ്വനം നിലനിറുത്തുക — ഷെറിൻ ഷേർളി സന്തോഷ്
3 വെല്ലുവിളികളും ഇന്ത്യൻ യുവത്വവും — ജെ.പി വെണ്ണിക്കുളം
4 Be Diligent ! — Vipins Puthooran
6 PREPARE WELL FOR FINAL EXAMS — Duglus Joseph

**LANDWAY NEWS**
EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara
ETHIOPIA
Tariku Alemu

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55

**EDITORIAL DESK**



സന്തോഷ് പന്തളം

# വ്യക്തിഹത്യ വിഷത്തെക്കാൾ ഭയങ്കരം

> വ്യക്തിഹത്യ ഒരു സുഖമായും രസമായും ചിന്തിക്കാതെ നാം വിതയ്ക്കുന്നത് തന്നെ കൊയ്യുമെന്ന് ഓർക്കുക. ഇത്രയും നാൾ നമ്മുടെ ജീവിതം കൊണ്ട് എത്രപേർ അനുഗ്രഹിക്കപ്പെട്ടു?

പറഞ്ഞവാക്കും എറിഞ്ഞകല്ലും ഒരിക്കലും തിരിച്ചുവരികയില്ലാ എന്നാണല്ലോ പറയുന്നത്. മറ്റു വ്യക്തികളുടെ നന്മയ്ക്ക് എതിരിയി നാം ഒരിക്കലും തടങ്കൽ പാറയാകരുത്. സമൂഹത്തെയോ വ്യക്തികളെയോ സഹായിക്കുന്നതിൽ വളരെ പരിമിതികൾ നമുക്കുണ്ട്. എങ്കിലും അവരുടെ നന്മയ്ക്കുവേണ്ടിയുള്ള വഴികളെ നാം മുഖേനേ ഒരിക്കലും ഒരു കാരണവശാലും അടക്കരുത്. പണ്ടുള്ളവർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട് ഊണ് കൊടുത്തില്ലായെങ്കിലും ഊട്ടുപുര കാണിച്ചുകൊടുക്കാൻ നമുക്ക് കഴിയണം.

ഇക്കാലത്തെ ചില വിരുതർ ഊണ് കൊടുക്കുകയുമില്ല മറ്റുള്ളവരുടെ ഊട്ടുപുരയെ തീവച്ച് നശിപ്പിക്കുകയും ചെയ്യും എന്നതാണ് ഇപ്പോഴത്തെ അവസ്ഥ. ഇക്കൂട്ടർ പാവങ്ങളായ മനുഷ്യരെ വ്യക്തിഹത്യയും ചെയ്യുന്നതായി കാണാൻ കഴിയുന്നു. വ്യക്തിഹത്യ വിഷത്തെക്കാളും വിഷപാമ്പിനെക്കാളും ഭയങ്കരമാണ്.

പലരുടെയും ആവരുതാത്ത വാക്കുകൊണ്ട് പല വ്യക്തികളെയും കുടുംബങ്ങളെയും തകർത്ത് തരിപ്പണമാക്കിയ അനവധി സംഭവങ്ങൾ നമ്മുടെ കൺമുമ്പിൽ ചിത്രംപോലെ തെളിഞ്ഞുനിൽക്കുന്നു. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നത് നമ്മുടെ വാക്കുകൊണ്ട് തകർന്നിരിക്കുന്നവർക്ക് ആശ്വാസത്തിന്റെ വഴിയായും പ്രതീക്ഷ നഷ്ടപ്പെട്ടവർക്ക് പ്രത്യാശയുടെ ദീപമായും തീരണം. അനാവശ്യമായ പ്രവർത്തികളും വാക്കുകളും നമ്മിൽ നിന്നും മാറ്റിക്കളയണം. നാം ആരെയും വ്യക്തിഹത്യ ചെയ്യാൻ പാടില്ലാ അഥവാ തെറ്റുകണ്ടുപിടിച്ചാൽ അവരോടു മാത്രമായി സൗമ്യഭാഷയിൽ സംസാരിച്ച് വിഷയത്തിന് പരിഹാരം കാണണം. അതാണ് യഥാർത്ഥ മനുഷ്യന്റെ കർത്തവ്യം. ആരെക്കുറിച്ചും അപരാധം എഴുതുവാൻ നമ്മുടെ തൂലിക ചലിക്കരുത്. ലോകത്തെ മുഴുവനും മുൾമുനയിൽ നിറുത്താനും നശിപ്പിക്കുവാനും ഒരു മനുഷ്യന്റെ വാക്കു മതിയെന്ന് നാം മറന്നുപോകരുത്. വിവരവും വീണ്ടുവിചാരവുമില്ലാതെ ആവേശത്തോടു പറയുന്ന പരിവേശത്തെ നാം കടിഞ്ഞാണിടണം. ഈ വിധമുള്ള വാക്കുകൾ വലിയ കാടുകത്തിക്കൽ ഇടയാക്കുമെന്ന് നാം മറക്കാതിരിക്കട്ടെ.

എനിക്ക് അടുത്തറിയാവുന്ന ഒരു ദൈവഭക്തൻ പറയുന്ന വാക്കുകൾ ഞാൻ ഇടക്കിടയ്ക്ക് ഓർക്കാറുണ്ട് അത് ഇപ്രകാരമാണ് എത്രത്തോളം നാം വാക്കുകൾ കുറച്ച് പറയാമോ അത്രത്തോളം കുറച്ച് കണക്ക് നാം ദൈവസന്നിധിയിൽ ബോധിപ്പിച്ചാൽ മതി.

മനുഷ്യരെ നല്ല വ്യക്തിത്വത്തിലേക്ക് നയിക്കണമെങ്കിൽ ദൈവത്തിൻെറ വചനം അവരുടെ ഉള്ളിലാകണം. നമ്മിൽ സ്നേഹം വേണമെങ്കിൽ ദൈവത്തിന്റെ വചനം നമ്മിലൂടെ വെളിപ്പെടണം. ദൈവത്തിന്റെ വചനത്തിൽ കൂടി മാത്രമേ സ്നേഹം മനുഷ്യനിൽ നിറവേറാൻ കഴിയുകയുള്ളു. ആ സ്നേഹം നമ്മളിലും സ്നേഹത്തിന്റെ ലാളന നമ്മുടെ ഉള്ളിലും നിറവേറണം. ദൈവസ്നേഹം ഉള്ളിൽ വസിക്കാത്തവരാണ് മറ്റുവ്യക്തികളെ വ്യക്തിഹത്യ ചെയ്യുന്നതും ഉപദ്രവിക്കുന്നതും.

ഈ കാലഘട്ടങ്ങളിൽ ഒട്ടുമിക്ക മനുഷ്യരും നിരാശരും ജീവിതഭാരങ്ങളാൽ വ്യാകുലപ്പെട്ടവരുമാണ്. ഇങ്ങനെയുള്ളവരെ നാം കണ്ടെത്തി അവരോടു ദൈവവചനം പറഞ്ഞു പുതുജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് കഴിയണം. സുവിശേഷത്തിന് എതിരാളികൾ കൂടുതലാണ് എങ്കിലും എത്രമാത്രം സുവിശേഷത്തെ അടിച്ചുതാഴ്ത്തുവാൻ ശ്രമിക്കുന്നുവോ അത്രമാത്രം അടിക്കടി ഉയർന്നുകൊണ്ടേയിരിക്കും സത്യസുവിശേഷം. സുവിശേഷം ലോകത്തിന്റെ വിളക്കാണ് സുവിശേഷകർ ദൈവത്തിന്റെ അഭിമാനവുമാണ്.

മറ്റുള്ളവരെക്കുറിച്ച് നാം കേട്ടുപറയുന്ന അനുഭവത്തിൽ നിന്നും മറ്റുള്ളവരെ വ്യക്തമായി അറിയുന്ന അനുഭവത്തിലേക്ക് മാറട്ടെ. നാം മറ്റുള്ളവരെ അടുത്തറിഞ്ഞാൽ ആരെയും പരിഹസിക്കുകയില്ല. വ്യക്തിഹത്യ വിഷപാമ്പിനെക്കാൾ മൂർച്ചയേറിയ വിഷമാണ് എന്നു ചിന്തിക്കുക. വ്യക്തിഹത്യ ഒരു സുഖമായും രസമായും ചിന്തിക്കാതെ നാം വിതയ്ക്കുന്നത് തന്നെ കൊയ്യുമെന്ന് ഓർക്കുക. ഇത്രയും നാൾ നമ്മുടെ ജീവിതം കൊണ്ട് എത്രപേർ അനുഗ്രഹിക്കപ്പെട്ടു? നമ്മുടെ ഇടപെടൽ കൊണ്ട് എത്രപേർ നന്മ പ്രാപിച്ചു? എത്ര പേർ സന്തോഷമുള്ളവരായിരിക്കുന്നു? എത്രപേർ ദുഃഖിക്കുന്നു? ഒരു വിലയിരുത്തൽ നമുക്കാവശ്യമായി വന്നിരിക്കുവെന്ന് ഓർക്കേണ്ട സമയം ആഗതമായിരിക്കുന്നു.




# യൗവ്വനം നിലനിറുത്തുക



**ഷെറിൻ ഷേർളി സന്തോഷ്**

മാതാപിതാക്കൾക്ക് യൗവ്വനത്തിൽ ലഭിക്കുന്ന മക്കൾ വീരന്റെ കൈയിലെ അസ്ത്രങ്ങൾ പോലെയാകുന്നു എന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. നമ്മുടെ യൗവ്വനം മറ്റുള്ളവർക്ക് മാതൃകയും സമൂഹത്തിന് ആനന്ദവും ആകണം. യൗവ്വനക്കാർ മാതാപിതാക്കളെയും പ്രായമുള്ളവരെയും സ്നേഹിക്കുകയും വിമർശിക്കാതെയിരിക്കുകയും ചെയ്യണം.

യൗവ്വനം രക്തതിളപ്പുള്ള സമയമാണ് എന്ന് പറയാതെ തന്ന വായനക്കാരായ ഏവർക്കും അറിയാമല്ലോ? എങ്കിലും പറയാതെ വയ്യ, ദിശാ ബോധമില്ലാതെ തിമിർത്ത് ആടി അപകടങ്ങളിൽ ചെന്ന്പെടുന്ന പല യൗവ്വനക്കാരെയും നമുക്ക് കാണുവാൻ കഴിയും. കഴിഞ്ഞ ദിവസം പ്രൊഫനുകളായ 5 പേർ ബാംഗ്ലൂരിൽ നിന്നും ദൂരയാത്രപോയ സംഭവം നാം മാധ്യമത്തിൽ കൂടി വായിച്ചതും അവരുടെ തകർന്നടിഞ്ഞ ചിത്രങ്ങൾ കണ്ടവരുമാണ്. മാതാപിതാക്കൾ വാങ്ങിക്കൊടുത്ത പുതിയ ഹോണ്ടാ സിറ്റിയിൽ ആണും പെണ്ണുമായ 5 പേർ കറങ്ങാൻ പോയി. വഴിയിൽ വച്ച് പല പല മോഡലിൽ സെൽഫിയെടുത്തു. മദ്യത്തിൽ തിമിർത്താടി പരിസരബോധം ഇല്ലാത്ത യൗവ്വനക്കാരായി അവർ തീർന്നു.

പരിസരബോധമില്ലാതെ വാഹനം അതിവേഗത്തിൽ ഓടിച്ചു പാറയിൽ തട്ടി വാഹനം തകർന്നടിഞ്ഞു. എത്ര കുടുംബാംഗങ്ങൾക്കും സമൂഹത്തിനും നാശം വിതച്ചു ഇവരുടെ യാത്ര. എന്തിനാണ് ഇവർ പെൺകുട്ടികളുമായി പോയത്? പെൺകുട്ടികൾ ആൺകുട്ടികളുമായി എന്തിനു പോയി? ഈ ചോദ്യത്തിനെല്ലാം അനവധി ഉത്തരങ്ങൾ മറഞ്ഞു കിടപ്പുണ്ട്. ഞാനത് തുറന്നു പറയേണ്ട ആവശ്യമില്ലല്ലോ.

യൗവനം സമൂഹത്തിന്റെ നന്മയായി മാറണം. യൗവ്വനത്തിൽ സമൂഹത്തിന് വേണ്ടി എന്തെങ്കിലുമൊക്കെ നമുക്ക് നന്മചെയ്യാൻ കഴിയുകയുള്ളു. ചെയ്യേണ്ട സമയത്തിൽ ചെയ്യുവാനുള്ള അവസരം യൗവ്വനക്കാർ നഷ്ടപ്പെടുത്തരുത്. മക്കളുടെ അഴിഞ്ഞാട്ടത്തിന് മാതാപിതാക്കൾ കണ്ണടച്ചുകൊടുക്കരുത്. മാതാപിതാക്കളും ബന്ധുക്കളും ഇളംപ്രായത്തിലെ മക്കളെ ശാസിച്ച് അമർത്തേണ്ട സമയത്ത് ശാസിച്ചു അമർത്തുകയും ശിക്ഷണം നൽകുകയും ചെയ്യണം. അല്ലാതെ കൈവിട്ടു പോയതിന് ശേഷമുള്ള 'ഗുണദോഷം' മരത്തിന്റെ മുകളിൽ കൊണ്ട് വളം വയ്ക്കുന്നതിന് തുല്യമെന്ന് ഓർക്കുക.

യൗവ്വനം വനമാണ്. ഈ വനത്തിൽ അനേകം കാട്ടുമൃഗങ്ങളും വിഷപാമ്പുകളും ഉണ്ട് എന്നറിഞ്ഞ് ഓരോ ചുവടുകളും വയ്ക്കുക. ചിന്തിച്ച് കാൽ വച്ചില്ലെങ്കിൽ യൗവനക്കാരെ ഉഗ്രൻപാമ്പുകളുടെ വിഷമേൽക്കാൻ സാധ്യതയുണ്ട്.

*Every good gift and every perfect gift is from above, coming down from the **Father of lights***

Since : 1988
GRACE
Visual media
09447255475, 09447370979



**Wedding Photography & Video Graphy**
*Direction:* HEBRON DAVID *(sabu)*
Grace Visual Media, Shoranur
www.gracevisualmedia.com
E-mail: gracevisual@gmail.com

Wedding Photography & Videography, Outdoor Shooting, Live Convension & Cruside Music Night Etc...,
Advertising, Fashion Photography, Cinimatography, Video Album, Direction & Event plus...Tension free events...

# വെല്ലുവിളികളും ഇന്ത്യൻ യുവത്വവും

യേശുവിന്റെ ശിഷ്യന്മാർ യുവാക്കളായിരുന്നു. ഗുണ്ടർക്രാൾമാന്റെ അഭിപ്രായത്തിൽ ശിഷ്യന്മാരുടെ കൂട്ടത്തിൽ ശീമോൻ പത്രോസ് മാത്രമായിരുന്നു വിവാഹിതൻ. യഹൂദ പാരമ്പര്യം അനുസരിച്ച് 18–ാം വയസ്സിൽ വിവാഹം കഴിച്ചിരിക്കണം. യോഹ 21:5 -ൽ യേശു ശിഷ്യന്മാരെ ''കുഞ്ഞുങ്ങളെ'' എന്നു വിളിക്കുന്നതായി കാണാം. സഭയുടെ ആരംഭം തന്നെ യുവാക്കളായ ശിഷ്യന്മാരുടെ കൈകളിൽ ആയിരുന്നു. ബൈബിൾ ആകമാനം പരിശോധിച്ചാൽ യുവജനങ്ങൾക്കുള്ള പ്രാധാന്യം കണ്ടെത്താൻ കഴിയും. യോസെഫ്, ദാനിയേൽ, ദാവീദ്, യിരെമ്യാവ് തുടങ്ങിയവർ അവരിൽ ചിലരാണ്.

ഇന്ത്യൻ ജനസംഖ്യയിൽ 15 വയസ്സിൽ താഴെയുള്ളവർ 336 ലക്ഷത്തിലധികമാണ്. 15നും 19നും ഇടയ്ക്ക് പ്രായമുള്ളവർ 121 ദശലക്ഷവും 20–34 പ്രായമുള്ളവർ 271 ദശലക്ഷവുമാണ്. ചുരുക്കത്തിൽ 34 വയസ്സിനു താഴെയുള്ളവരുടെ കണക്ക് പരിശോധിച്ചാൽ അത് 728 ദശലക്ഷമാകും. സമകാലിക മിഷൻ പ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഈ വലിയ ജനസംഖ്യ ഒരു വെല്ലുവിളിയാണ്. ഇന്ത്യാ ടുഡേ എഡിറ്റർ അരുൺ പൂരി ചില നാളുകൾക്ക് മുമ്പ് എഴുതിയതു ഇങ്ങനെയാണ്; പഴയകാല തലമുറകളെ നിർവചിച്ചിരുന്നത് യുദ്ധങ്ങളുമായോ, സ്വാതന്ത്ര്യ സമരങ്ങളുമായോ ബന്ധപ്പെടുത്തിയായിരുന്നു. എന്നാൽ ഇന്നത്തെ തലമുറ നിർവചിക്കപ്പെടുന്നത് അവരുടെ ജീവിതരീതിയെ വീക്ഷിച്ചുകൊണ്ടാണ്. ടി.വി ഇന്റർനെറ്റ് എന്നിവയുടെ വരവോടെ ആഗോളതലത്തിലുള്ള ജീവിതരീതിയ്ക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഇന്ത്യാ ടുഡേ ഇവരെ 'ലക്കി ജനറേഷൻ' എന്ന് വിളിച്ചത്. (ജൂലൈ 2, 2002). ദ വീക്ക് ഇവരെ 'ജനറേഷൻ ബെസ്റ്റ്' എന്ന് വിളിച്ചു (31 ഡിസംബർ 2000). 'ജനറേഷൻ ന്യൂ' എന്നാണ് ഇപ്പോൾ ഇവരെ വിളിക്കുന്നത്.

ഒരു വശത്ത് ആഗോള പ്രതിഭകളും, വിദ്യാസമ്പന്നരും നഗരജീവികളും ഉത്തരാധുനികതയെ വാരിപ്പു ണർന്നവരുമാണ് യുവാക്കൾ. എന്നാൽ മറുവശത്ത് നിരക്ഷരരും തൊഴിലില്ലാത്തവരുമായി മറ്റൊരു കൂട്ടരുണ്ട്. നല്ല വിദ്യാഭ്യാസം ലഭിക്കാതെ ചേരിപ്രദേശങ്ങളിൽ കഴിയുവാൻ മാത്രം വിധിക്കപ്പെട്ടവർ ഇവർ ഗ്രാമത്തിന്റെ പുത്രന്മാരാണ്. നിത്യവൃത്തിക്കുവേണ്ടി ബന്ധപ്പെടുന്നവർ. മാധ്യമങ്ങൾ എപ്പോഴും നഗരകേന്ദ്രീകൃത യുവാക്കളെ ശ്രദ്ധിക്കുമ്പോൾ കാണാതെ പോകുന്നത് സമൂഹത്തിൽ തഴയപ്പെട്ട ഒരു കൂട്ടം യുവസമൂഹത്തെയാണ്.

### വേഗം വളരുന്ന കൗമാരം

8–11 വയസ്സുള്ളവർ 12–24 വയസ്സ് പ്രായമുള്ളവരെപ്പോലെ പെരുമാറുന്നു. ഇന്നത്തെ കൗമാരപ്രായം നേരത്തെ ആരംഭിക്കുന്നു. ബാല്യക്കാർ കൗമാരക്കാരെപ്പോലെയും കൗമാരക്കാർ യൗവനക്കാരെപ്പോലെയും പ്രവർത്തിക്കുന്ന ഒരു കാലം. ടി.വി, ഇന്റർനെറ്റ് ലഹരി



ജെ. പി. വെണ്ണിക്കുളം

യിൽപ്പെട്ട് കുടുംബബന്ധങ്ങളുടെ വില നഷ്ടപ്പെടുത്തുന്ന ഒരുപാട് പേരുണ്ട്. അമ്മായിയമ്മയും മരുമകളും കാമുകനും കാമുകിയും തമ്മിലുള്ള പോരുകളും പ്രതികാരങ്ങളും കണ്ടുവളരുന്നു. ഇന്നത്തെ തലമുറകൾ മാധ്യമങ്ങളിൽ കാണുന്നതിനെ അപ്പാടെ പകർത്തുന്നു. ജീവിതം ഇല്ലാത്ത സെലിബ്രിറ്റികളെ അന്ധമായി അനുകരിക്കുന്നതിനാൽ വിവാഹമോചനങ്ങൾ സർവ്വസാധാരണം ആയിരിക്കുന്നു. കുടുംബബന്ധങ്ങളിൽ മാതാപിതാക്കളുടെ താളപ്പിഴകൾ കുട്ടികളെയും സ്വാധീനിക്കുന്നു. പരസ്പരം ആശയവിനിമയമില്ലാതെ 'ഊമഗൃഹങ്ങ'ളാണ് പലതും.

അതുകൊണ്ട് തന്നെ കുട്ടികൾ വഴിതെറ്റുന്നു. സുഹൃത്തുക്കളാണ് അവരുടെ കാണപ്പെട്ട ദൈവം. അവരോട് കാര്യങ്ങൾ സംസാരിക്കുന്നു. കൂട്ടുകാർ നൽകുന്ന തെറ്റായ സന്ദേശം സ്വീകരിച്ച് ചതിക്കുഴികളിൽ ചെന്നുചാടുന്നു. മദ്യം, മയക്കുമരുന്ന്, സെക്സ് എന്നിവയ്ക്ക് അടിമകളായി കൗമാരക്കാർ മാറുന്നു. ഇതേത്തുടർന്ന് ഉണ്ടാകുന്ന നിരാശ ആത്മഹത്യയിൽ കൊണ്ടെത്തിക്കുന്നു. സാമൂഹ്യ മനശാസ്ത്ര വീക്ഷണരും സ്വഭാവ രൂപീകരണ പ്രവർത്തകരും ഒരുപോലെ സമ്മതിക്കുന്നു മാതാപിതാക്കളാണ് ഇതിനെല്ലാം കാരണമെന്ന് വിദ്യാലയങ്ങളും പരാജയപ്പെടുന്നു. മാതാപിതാക്കൾക്ക് ഓരോ കുട്ടിയുടെയും മുഖം വാടിയാൽ അറിയാവുന്ന ഒരു കാലമുണ്ടായിരുന്നു. അവരുടെ കുടുംബ പശ്ചാത്തലം അങ്ങനെയായിരുന്നു.

അധ്യാപകർ ഇന്ന് അവരെ അകാരണമായി പുറത്തു വിട്ടാലും യാതൊരു കൂസലുമില്ല. എന്നാൽ മറുവശത്ത് കുട്ടികളെ അമിതമായി സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ചില മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ തെറ്റിലേക്ക് നയിക്കുന്നുണ്ട്. യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻ ഇവർക്ക് കഴിയുന്നില്ല. കുട്ടികൾ ചോദിക്കുന്നത് എന്തു കൊടുക്കുന്ന മാതാപിതാക്കൾ തങ്ങളുടെ കുട്ടിയുടെ നിർബന്ധവും വാശിയും സാധിപ്പിച്ചുകൊടുക്കുന്നു. അവർക്ക് പണത്തിന്റെ വില അറിയില്ല. കൗമാര പ്രായക്കാരിൽ പലർക്കും നേരത്തെ ഋതുമതിയാകുന്നതുകൊണ്ട് തെറ്റിപ്പോകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. എന്നും ഏതും പരീക്ഷിക്കുന്ന കൗമാരപ്രായത്തിൽ വികാരങ്ങളെ കീഴ്പ്പെടുത്തുവാൻ കഴിഞ്ഞില്ലെങ്കിൽ തകരുന്നത് മൂല്യങ്ങളാണ്.

മാതാപിതാക്കളെ ധിക്കരിച്ച് അപരന്റെ വാക്കുകേട്ട് പുറപ്പെടുന്ന കുട്ടികൾ അപകടത്തിൽപ്പെട്ട ശേഷം നിലവിളിക്കുന്നു. യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ അവരിൽ പലർക്കും സാധിക്കുന്നില്ല. ഒരിക്കൽ തകർന്ന ജീവിതം തിരികെ നേടാനാകാതെ നിരാശയോടെ ജീവിതം അവസാനിപ്പിക്കുന്ന എത്രയോ കാഴ്ചകൾ നമുക്കു ചുറ്റുമുണ്ട്.

### മൂല്യങ്ങൾ

മനസ്സിൽ ഉദിക്കുന്ന കാര്യങ്ങൾക്കെല്ലാം മൂല്യത്തിന്റെ മുഖംമൂടി അണിയിക്കുന്നവർ തങ്ങൾ ചെയ്യുന്നത് തെറ്റാണെന്നു പോലും ചിന്തിക്കുന്നില്ല. മൂല്യങ്ങളെക്കുറിച്ച് ഇന്നുള്ള കാഴ്ചപ്പാട് വ്യത്യസ്തമാണ്. വിജയവും പ്രശസ്തിയും ആഗ്രഹിക്കാത്ത ആരുമില്ല. അതിന് ഏതു വഴിയും തിരഞ്ഞെടുത്താലോ?

ഒരു കണക്ക് പ്രകാരം 25% ചെറുപ്പക്കാരും വിവാഹപൂർവ്വ ബന്ധങ്ങൾ ശരിയാണെന്ന് പറയുന്നു. മുൻപ് പറഞ്ഞതുപോലെ പണവും പ്രശസ്തിയും ആത്മസംതൃപ്തിയും ഉണ്ടെങ്കിൽ എങ്ങനെയും ജീവിക്കാം എന്നവർ ചിന്തിക്കുന്നു. മുംബൈ നഗരത്തിൽ പെൺകുട്ടികൾ പലരും തങ്ങളുടെ ഗർഭപാത്രം വാടകയ്ക്ക് നൽകുന്നതായി പറയപ്പെടുന്നു. തങ്ങളുടെ അണ്ഡം 30,000–50,000 രൂപയ്ക്ക് വിൽക്കുന്നു. പെട്ടെന്ന് പ്രശസ്തരും സമ്പന്നരും ആകേണ്ടതിന് ശരീരം വിൽക്കാൻ ഇവർക്ക് മടിയില്ല. താൽക്കാലിക സുഖം മാത്രമാണ് ലക്ഷ്യം. ആഡംബര ജീവിതത്തിനുവേണ്ടി ആരുടെ കൂടി വേണമെങ്കിലും പോകുന്നു.

ഇവിടെ മൂല്യങ്ങൾക്ക് യാതൊരു വിലയും ഇല്ല. ഇന്ത്യാ ടുഡേയുടെ ഒരു സർവ്വേ പ്രകാരം 64% അഴിമതിയിൽ കുളിച്ചിരിക്കുന്നു. 37% വ്യക്തികളെ വിമർശിക്കുന്നു. 62% ഇന്നത്തെ സംവിധാനത്തെ വിമർശിക്കുന്നു. സ്ത്രീധനം തെറ്റല്ല എന്ന് 25% വിശ്വസിക്കുന്നു. 18% ആളുകൾ വിവാഹ ആർഭാടങ്ങളിൽ താൽപര്യം ഉള്ളവരാണ്. 22% ആളുകൾ വിവാഹം കൂടാതെ ഒന്നിച്ചു താമസിക്കാൻ ആഗ്രഹിക്കുന്നു. 39% ആളുകൾ വ്യഭിചാരം അഥവാ ലൈംഗികത ഒരു തൊഴിലായി നിയമവിധേയമാക്കണം എന്ന് ശഠിക്കുന്നു. 60% ആളുകൾ ജോലിസ്ഥലത്ത് സെക്സ് ഇഷ്ടപ്പെടുന്നില്ല. 49% ആളുകൾ ആഴ്ചയിൽ ഒരിക്കൽ ആരാധനയ്ക്ക് പോകാൻ ഇഷ്ടപ്പെടുന്നു. നാഷണൽ ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കുപ്രകാരം 18–30 ഇടയ്ക്ക് പ്രായമുള്ളവർ ചെയ്യുന്ന കുറ്റകൃത്യം 41% ആണ്. 22% ദിനംപ്രതി ആലയത്തിൽ പോകാൻ ഇഷ്ടപ്പെടുന്നു. 52% ആളുകൾ അനധികൃത ആരാനാലയങ്ങൾ സർക്കാർ സംവിധാനം ഉപയോഗിച്ച് തകർക്കുവാൻ ആഗ്രഹിക്കുന്നു. 34% ആളുകൾ അശ്ലീല സിനിമകൾ കാണുന്നു.

### വർദ്ധിക്കുന്ന സ്വവർഗ്ഗാനുരാഗം

ഇന്ത്യയിലും ഇതിനുവേണ്ടി മുറവിളി കൂട്ടുന്നവർ അനേകരാണ്. എതിർലിംഗത്തിൽപ്പെട്ടവർക്ക് ഉള്ളതുപോലെതന്നെ തങ്ങൾക്ക് അവകാശങ്ങൾ വേണമെന്ന് ഇവർ വാദിക്കുന്നു. സ്വവർഗ്ഗാനുരാഗം ഇന്ന് സാധാരണമായിക്കഴിഞ്ഞു. പുരുഷന്മാർ തമ്മിലും സ്ത്രീകൾ തമ്മിലും അനുരാഗം മൂത്ത് നിയമമാക്കി പല രാജ്യങ്ങളിലും അവർ വിവാഹിതരാകുന്നു. യു. എസി ലും യു.കെയിലും ഇത് നിയമമായി കഴിഞ്ഞു.



> ഭാവി തകർന്നടിയേണ്ടവരല്ല ഇന്നത്തെ തലമുറകൾ. അവരെ രാഷ്ട്രത്തിന് ആവശ്യമുണ്ട്. ഇന്നത്തെ സമൂഹത്തിനും സഭയ്ക്കും ആവശ്യമുണ്ട്. അവരെ ആത്മീക പ്രബുദ്ധരാക്കേണ്ട സഭകൾ ഉത്തരവാദിത്തങ്ങളിൽ നിന്നും വ്യതിചലിച്ചാൽ നാളെ ദുഃഖിക്കേണ്ടി വരും.

### മയക്കുമരുന്നുകൾ

13–15 വയസിനിടയിൽ പ്രായമുള്ളവർ പോലും ഇതിന് അടിമകളാണ്. പുകയില ഉൽപ്പന്നങ്ങൾ അടങ്ങിയ ലഹരിയും സിറിഞ്ച് ഉപയോഗിച്ച് മരുന്നു കുത്തിവയ്ക്കുന്നവരും ഏറെയും ചെറുപ്പക്കാരാണ്. ഇതുമൂലം വായിൽ ഉണ്ടാകുന്ന ക്യാൻസർ പെരുകുന്നു. ആൺകുട്ടികളിൽ ഭൂരിഭാഗവും കൗമാരപ്രായത്തിലാണ് ആദ്യമായി പുകയില പരീക്ഷിച്ചത്. മാരകമയക്കുമരുന്നുകൾ നിരോധിച്ചിട്ടുണ്ടെങ്കിലും മഷി മായിക്കുന്ന വൈറ്റ്നർ പോലെയുള്ള വസ്തുക്കൾ പോലും മയക്കുമരുന്നായി പലരും ഉപയോഗിക്കുന്നു. മദ്യ–മയക്കുമരുന്നു ലഹരിയിൽ കാണിച്ചുകൂട്ടുന്ന കോപ്രായങ്ങൾ ചില്ലറയല്ല. പിന്നീട് അത് ദിനചര്യയായി. ചിലയിടങ്ങളിൽ 14–15 വയസ് പ്രായമുള്ള പെൺകുട്ടികളും പുകവലിക്കുന്നുണ്ട്.

### ആത്മഹത്യകൾ

വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ കണക്കുപ്രകാരം, ബംഗളൂരുവാണ് ആത്മഹത്യയ്ക്ക് മുന്നിലുള്ള നഗരം. ഓരോ വർഷവും 1800 പേർ ഈ നഗരത്തിൽ ആത്മഹത്യ ചെയ്യുന്നു. ഇതിൽ 20–24 ഇടയ്ക്ക് പ്രായമുള്ളവരാണ് കൂടുതലും. പ്രേമനൈരാശ്യമോ ലൈംഗിക ബന്ധത്തെ തുടർന്നുള്ള ഭീതിയോ ഇങ്ങനെ പല കാരണങ്ങളുണ്ട്. വിദ്യാർത്ഥികൾക്ക് പരീക്ഷയിൽ നേരിടുന്ന പരാജയഭീതി താങ്ങാൻ കഴിയുന്നില്ല. തൊഴിൽശാലകളിലെ പീഡനങ്ങൾ നിമിത്തം ജീവൻ ഒടുക്കുന്നവർ വർദ്ധിക്കുന്നു. തൊഴിലില്ലായ്മ നിമിത്തവും കുടുംബബന്ധങ്ങളിലെ താളപ്പിഴകൾ നിമിത്തവും ജീവിതം അവസാനിപ്പിക്കുന്നവരുണ്ട്.

### വിവാഹവും വിവാഹമോചനവും

വിവാഹവും വിവാഹമോചനവും ഒരുപോലെ ആഘോഷമാക്കുന്ന സമൂഹത്തിലാണ് നാം ജീവിക്കുന്നത്. ഇതൊരു ഉടമ്പടി എന്നതിനെക്കാൾ കരാറായി മാത്രം പലരും കാണുന്നു. ദമ്പതികളുടെ ജീവിത തൊഴിൽ രീതിയിൽ വന്ന വ്യത്യാസങ്ങൾ വിവാഹമോചനങ്ങളിൽ ചെന്ന് അവസാനിക്കുന്നു. തൊഴിൽ മേഖലയിൽ നിന്നും സഹപ്രവർത്തകരുമായി ഉണ്ടാക്കിയെടുക്കുന്ന പല സൗഹൃദങ്ങളും അതിരുവിടുന്നു. ജീവിതപങ്കാളിയെ കൊലപ്പെടുത്തി കാമുകീ–കാമുകന്മാർ ഒന്നിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്നു. 25–നും 35നും ഇടയ്ക്ക് പ്രായമുള്ള വിവാഹിതരുടെ മോചനകേസുകൾ 60–70% ആണ്. ഡൽഹിയിൽ മാത്രം 2004ൽ 5475 കേസുകൾ രജിസ്റ്റർ ചെയ്തു. 1988ൽ ബാംഗ്ലൂരിൽ ഇത് 653 ആയിരുന്നു. 2002ൽ 1861 ആയി വർദ്ധിച്ചു. കൊൽക്കത്തയിൽ 1996 ൽ 1633 ആയിരുന്നു. 2003 ൽ 2388 ആയി.

പരസ്പര സമ്മതത്തോടെയുള്ള വിവാഹ മോചനങ്ങൾ ഇന്ന് ധാരാളം നടക്കുന്നു. പങ്കാളിയെ തൃപ്തിപ്പെടുത്താൻ കഴിയാതെ ബന്ധങ്ങൾ തകർക്കു ന്നവരുണ്ട്. മാനസികപീഡനങ്ങളും ഇതിനു കാരണമാകുന്നു. സ്ത്രീധനത്തിന്റെ പേരിലുള്ള ഗാർഹിക പീഡനങ്ങൾ ഇന്ന കുറ്റകരമാണ്. പലതിന്റെയും കാരണം നിസാരമാണ്. ഈഗോ കാരണം ഒന്നിച്ചു ജീവിക്കാൻ കഴിയുന്നില്ല. ലിവിംഗ് ടുഗതർ സർവ്വസാധാരണമാകുന്നതോടെ വിവാഹം എന്നത് സങ്കൽപ്പമായി മാറിക്കൊ ണ്ടിരിക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ ആഗോളവൽക്കരണത്തിന് പങ്കുണ്ട്.

### ഉപസംഹാരം

വിഷയങ്ങൾ ധാരാളമുണ്ട് എഴുതാൻ. എന്നാൽ ഇന്നത്തെ യുവസമൂഹം നേരിടുന്ന വെല്ലുവിളികൾ ചില്ലറയല്ല. അവയെ ഫലപ്രദമായി നേരിടുവാൻ കഴിയുന്നില്ല. നിസ്സാരകാരണങ്ങളുടെ പേരിൽ വഴിപിരിയുന്നത് ശരിയല്ല. മൂല്യാധിഷ്ഠിത സമൂഹം ഇന്നും അന്യപ്പെട്ടു പോയിട്ടില്ല. പണിയാം നല്ലൊരു നാളെ. ഭാവി തകർന്നടിയേണ്ടവരല്ല ഇന്നത്തെ തലമുറകൾ. അവരെ രാഷ്ട്രത്തിന് ആവശ്യമുണ്ട്. ഇന്നത്തെ സമൂഹത്തിനും സഭയ്ക്കും ആവശ്യമുണ്ട്. അവരെ ആത്മീക പ്രബുദ്ധരാക്കേണ്ട സഭകൾ ഉത്തരവാദിത്തങ്ങളിൽ നിന്നും വ്യതിചലിച്ചാൽ നാളെ ദുഃഖിക്കേണ്ടി വരും. അവർ വിലയുള്ളവരാണ്. നമ്മുടെ ഇളം തലമുറകളെ തള്ളിക്കളയരുത്.



# BE DILIGENT

*Our ultimate goal is to be elected unto the eternal kingdom of our Lord and Saviour Jesus Christ. Our Lord Jesus is coming. Be ready and diligent! Amen.*



Vipins Puthooran
Doha

Therefore, Peter says, brethren, give diligence to make your calling and election sure (2 Peter 1:10).

Peter urges his Christian readers to demonstrate the reality of their calling and election. It is important to understand that one's calling is an act of God. God's calling opens a person's mind to understand spiritual truth and to accept the benefits of salvation. Calling is an invitation to God's Kingdom. Of course, we also invite people we know to our home but at the same time we don't invite the one we didn't know. But we read in Matthew 22:3-10, those who had been invited to come, refused to come therefore the King asked his servants to invite as many as they find on the highways, both bad and good.

Here, the sad thing is that most of the invited/called were so busy with things of this world and wouldn't come. Those which were bidden/called were not worthy to get such a blessing and privilege from the king; moreover, they behaved or responded towards His calling in a very unworthy manner. So He turned his face from worthy to unworthy people like you and me. Remember! We are also come from that highway of sin, the moral and immoral sinners; and we were not worthy enough to be called/ invited by a king like our God. But the mercy and the everlasting love of our great King brought us and saved us from the horrible pit and miry clay of sin to set our feet on the solid Rock called Jesus Christ.

There is a general call that goes out to everyone: "Come. If you believe, you will be saved". Being called is not enough to be saved. We must respond to that calling (invitation). Obviously, the "called" they are not always saved. The "chosen" are saved, but many are "called" who may not be "chosen." In Matthew 22:14, Jesus Said, "For many are called, but few are chosen." Salvation is for those who accept and respond to the invitation/calling by the God; respond to His calling by admitting his sins, repenting of his sins and accepting Jesus Christ as his Saviour and believe in heart, and confess with mouth that Jesus is Lord, and that He rose from the grave because He is the only way, the truth, and the life: no man comes unto the Father, but by Him, John14:6.

Jesus says 'He is the way', not many ways; exist to God but him, the only way. Also Jesus said: no man can come to me, except the Father which hath sent me draw him (John 6:44). It is the Father's will that all should be saved for He sent Jesus into the world to save the world and thus whosoever believes in Jesus as their Saviour and Lord shall be saved. Therefore, it is quite obvious that salvation is by the mercy and love of God the Father to the mankind through the holy blood of His begotten Son, Jesus Christ on the victorious cross of Calvary. As we all know John 3:16, For God so loved the world, that he gave his only begotten Son, that whosoever believes in him should not perish, but have everlasting life. And those who have called by the love of God should believe in His son, Jesus Christ, to be chosen and saved. He who believes on the Son has everlasting life and thus he will be saved from the eternal destruction. This is the promise Lord Jesus promised the one who believes in him, acknowledges him and abides in him, eternal life (1 John 2:23-25).

Jesus Said: "For many are called, but few are chosen". How can all the called-outs be saved? The one who responds to the calling of God will be the one who is chosen/elected and the one who elects by the God will be ''the saved''. Responding to God's calling, in a sense, means, admitting and repenting one's sins to God, accepting and believing Jesus as his Lord and Saviour, and acknowledging and abiding in Jesus. This way the called-one is chosen to be elected and saved. However, Peter says to the saved one to have more constant and earnest effort in adding to their faith; virtue, knowledge, temperance, patience, godliness, brotherly kindness and charity to make their calling and election sure. He also states that" for if ye do these things, ye shall never fall" (2 Peter1:10). Peter is writing this to those who are saved to strive diligently in adding to their faith, these spiritual qualities, to be elected unto the everlasting kingdom of our Lord and Saviour Jesus Christ."

1.Goodness/ Virtue refers to high moral standards, the quality of being good and doing the right thing. We acquire virtue by our faith, our obedience to Christ. When we become obedient and truly repent our sins to God, we embody the nobility that we have in Christ.

2. Knowledge here refers to knowing the salvation because we have a personal relationship with Him. The knowledge that we want to add is knowledge about God. We obtain this knowledge when we read, study, meditate, and pray in the Word of God.

3.Temperance/Self-control:- It is allowing God to be in control of our will and heart, and seeking the Spirit to enable us. This will allow us to have discipline and restraint with obedience to God and others. Then we identify what not to do and guard the areas in which we are weak. This is one of the greatest Christian virtues we all have to acquire.

4. Patience/ Perseverance is having confidence in God so we trust Him in difficult situations and still see His grace and love. We can do this by being encouraging with Christ-like temperament. Jesus said, "In your patience ye shall possess your souls." (Luke 21:19).

5. Godliness:- It is conforming to the laws and wishes of God. In other words, it is the rearrangement of our priorities, mindsets, and character to line up with God's character and live in a way with respect and reverence to Christ in all aspects of our life.

6. Brotherly kindness/ Brotherly affection:- means love for a brother or friend . It is a call to treat others as family because we are all in God's family (Romans 12:10). Consider honour, give recognition and show appreciation towards other members of the family of God. It is purely the love, love one another.

7. Charity/Love:- This love is the highest type of love; it is more inclusive than and is the kind of love God has for sinful, unworthy men. This is a self-sacrificing action love for another human being. God's love must be our model of life. It must flow into us from Christ and in return flow out from us to those around us.

And if these spiritual qualities are abounding in you, you will be more effective and fruitful in the knowledge of our Lord Jesus Christ. Therefore, Peter says, brethren, give diligence to make your calling and election sure (2 Peter 1:10). Because our ultimate goal is to be elected unto the eternal kingdom of our Lord and Saviour Jesus Christ. Our Lord Jesus is coming. Be ready and diligent! Amen.

വിസിറ്റിംഗ് വിസ
സൗദി അറേബ്യ, ഖത്തർ, ദുബായ്, കുവൈത്ത്, മസ്കറ്റ്, ബഹ്റിൻ, സിംഗപ്പൂർ & മലേഷ്യ, ബ്രൂണ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുന്നതിനും തൊഴിലന്വേഷിക്കുന്നതിനും വിസിറ്റിംഗ് വിസകൾക്കും സമീപിക്കുക
GLOBAL CARE TRAVEL SERVICES ESTD 1998
2nd Floor, 17/1246 C2, Pathoor Tower,
Puthiyara road, Stadium Junction, Calicut - 4
Phone: 0495-2720881, 0495 4010970, Mobile: +91 9447040281
Email: globalcalicut@gmail.com, globalcareccj@gmail.com




AMERICA

## Obama pushes US values in last speech as president



With a final call of his campaign mantra "Yes We Can," President Barack Obama last night urged Americans to stand up for US values and reject discrimination as the United States transitions to the presidency of Republican Donald Trump.

In an emotional speech in which he thanked his family and declared his time as president the honour of his life, Mr Obama gently prodded the public to embrace his vision of progress while repudiating some of the policies that President-elect Trump promoted during his campaign for the White House.

So just as we, as citizens, must remain vigilant against external aggression, we must guard against a weakening of the values that make us who we are," Mr Obama told a crowd of 18,000 in his adopted hometown of Chicago, where he celebrated his election in 2008 as the first black president of the United States.

EUROPE/RUSSIA

## Russia to ban cigarette sale to those born after 2015

The Russian health ministry has unveiled plans to ban the sale of cigarettes to anyone born after 2015.

The health ministry's proposal, which has the backing of President Vladimir Putin, would make Russia the first country in the world to completely phase out tobacco.The ban proposal, obtained by Russian newspaper Izvestia, will go into effect in 2033, when the affected Russian citizens (now babies) turn 18 years old.

"This goal is absolutely ideologically correct," Nikolai Gerasimenko, a member of the Russian parliament's health committee told the Times on Tuesday.However, Gerasimenko also admitted that he was uncertain whether such a ban would be enforceable.

